**ഭരണഭാഷ - മാതൃഭാഷ**

ICDS/A3-10402/19

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 16-5-2019
ഇ-മെയിൽ swdicds@gmail.com
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും.

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവരുടെ വർക്ക് റിപ്പോർട്ട്, അങ്കണവാടി സന്ദർശനം എന്നിവ - സംബന്ധിച്ച്

സൂചന : 1) ഈ ഓഫീസിൽ നിന്നുള്ള 3-9-2018ലെ ICDS/A3-18197/18 നമ്പർ കത്ത്.
2) ഈ ഓഫീസിൽ നിന്നുള്ള 3-9-2018ലെ ICDS/A3-18244/18 നമ്പർ കത്ത്.
3) ഈ ഓഫീസിൽ നിന്നുള്ള 8-8-2018ലെ ICDS/A3-13628/18 നമ്പർ കത്ത്

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ICDS പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിന് പ്രോഗ്രാം ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവർ അങ്കണവാടി സന്ദർശനം കൃത്യമായി നടത്തേണ്ടതും അവയുടെ പ്രവർത്തന റിപ്പോർട്ട്, മുൻകൂർ യാത്ര പരിപാടി എന്നിവ എല്ലാ മാസവും 10-ാം തീയതിക്കു മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. എന്നാൽ പലരും ഈ കാര്യത്തിൽ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സൂചന പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും Toure Diary സമയബന്ധിതമായി ഈ ഓഫീസിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി

ജികെ/